**പോലീസ് വകുപ്പ്**

**കേരളം**

**No. E1(a)-51609/2017/T**

ജില്ലാ പോലീസ് ഓഫീസ്,
തിരുവനന്തപുരം റൂറൽ
sptvmrl.pol@kerala.gov.in
04712302296
തീയതി. 27-04-2018

**ലേല പരസ്യം**

തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവിയുടെ അധീനതയിൽ തിരുവനന്തപുരം റൂറൽ എ ആർ ക്യാമ്പ് കോമ്പൌണ്ടിൽ സൂക്ഷിച്ചുവരുന്നതും പോലീസ് വകുപ്പിന് ഇപ്പോൾ ഉപയോഗപ്രദമല്ലാത്തതുമായ താഴെപ്പറയുന്ന 16 ഡിപ്പാർട്ട്മെൻറ് വാഹനങ്ങൾ 29.05.2018 തീയതി പകൽ 11 മണിക്ക് തിരുവനന്തപുരം റൂറൽ എ ആർ ക്യാമ്പ് കോമ്പൌണ്ടിൽ വച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

| ക്രമം | വാഹന വിവരങ്ങൾ | മോഡൽ | നിരതദ്രവ്യം |
|---|---|---|---|
| 1 | KL01 AQ 7059 Invader | 2007 | ₹4000/- |
| 2 | KL01 AQ 7052 Invader | 2007 | ₹3500/- |
| 3 | KL01 AQ 7057 Invader | 2007 | ₹4000/- |
| 4 | KL01 AM 128 D/Jeep | 2006 | ₹3000/- |
| 5 | KL01 AU 2955 Invader | 2008 | ₹6000/- |
| 6 | KL01 AU 2964 Invader | 2008 | ₹5500/- |
| 7 | KL01 AU 2989 Invader | 2008 | ₹4000/- |
| 8 | KL01 AS 6266 Invader | 2008 | ₹4000/- |
| 9 | KL01 AS 8147 Invader | 2008 | ₹3500/- |

| | | | |
|---|---|---|---|
| 10 | KL01 AU 2997 Invader | 2008 | ₹3500/- |
| 11 | KL01 AU 9972 Invader | 2008 | ₹4000/- |
| 12 | KL01 AS 6221 Invader | 2008 | ₹4000/- |
| 13 | KL01 AS 6317 Invader | 2008 | ₹3500/- |
| 14 | KL01 AS 6202 Invader | 2008 | ₹4000/- |
| 15 | KL01 AU 4195 Tavera | 2008 | ₹11,000/- |
| 16 | KL01 AS 6189 Invader | 2008 | ₹3500/- |

ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് നേരിട്ട് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലംതുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ ലേലത്തിന് മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. സീല് ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ 28.05.2018 തിയതി 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവിയുടെ ഓഫീസിൽ കിട്ടുന്ന വിധം നല്കാവുന്നതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ല പോലീസ് മേധാവി തിരുവനന്തപുരം റൂറലിൻറെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നിരത ദ്രവ്യം അടച്ച രസീത് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ പരസ്യ ലേലത്തിന് ശേഷം പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും യുക്തമെന്ന് തോന്നുന്ന പക്ഷം ലേലത്തിലോ ദർഘസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താത്കാലികമായി സ്ഥിരപെടുത്തുന്നതുമായിരിക്കും.

ഇപ്രകാരം ലേലം ഉറപ്പിച്ച കിട്ടുന്നവർ ലേല/ദർഘാസ് തുകയുടെ പകുതി (നിശ്ചിത നിരതദ്രവ്യം ഒഴികെ) ലേല സ്ഥലത്ത് വച്ചുതന്നെ അടക്കേണ്ടതും ബാക്കി തുകയും നിയമാനുസൃത നികുതിയും ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ തന്നെ അടക്കേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലംകൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്ന്തും മുൻ തുകയേക്കാൾ കൂടുതൽ കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ലേലം കഴിഞ്ഞാലുടൻ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ലേലം കൊണ്ടയാളുടെ ഒഴികെ തിരിച്ചു നല്കുന്നതാണ്.

മേൽപ്പറഞ്ഞ വാഹനങ്ങൾ ലേല തീയതിക്ക് മുൻപുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ എ സി എ ആറിൻറെ അനുവാദത്തോടെ രാവിലെ 10 നും 5 നും ഇടക്ക് പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്

P. Ashok Kumar

പി അശോക് കുമാർ ഐപിഎസ്
ജില്ലാ പോലീസ് മേധാവി

E1(a)-51609/2017/T　　　　50a91e

സ്വീകർത്താവ് : 1.ഡി.ജി.പി SCRB(ഉപരിപത്രം സഹിതം)/Web Publisher, ജില്ലാ പോലീസ് ഓഫീസ്, തിരു.റൂറൽ എന്നിവർക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി. 2.എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും ബറ്റാലിയൻ കമാണ്ടന്മാർക്കും എസ്പി(എംടി) പി.എച്ച്.ക്യൂ വിന് അറിവിലേക്കായി. 3.സൂപ്രണ്ട് സെൻട്രൽ പ്രസ് തിlരുവനന്തപുരം-കേരളാ ഗവൺമെന്റ് ഗസറ്റിൽ പ്രസിധീകരണതിനായി അയക്കുന്നു. 4. ഡയറക്ടർ, PRD, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-പത്രപ്രസിദ്ധീകരണത്തിനായി . 5. തിരുവനന്തപുരം റൂറൽ ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും ആവശ്യമായ പരസ്യം നല്കുന്നതിലേക്കായി. 6.തിരുവന്തപുരം റൂറൽ ക്യാമ്പ് അസിസ്റ്റന്റ് കമണ്ടാന്റ് , മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവർക്ക് അനന്തര നടപടികൾക്കായി.